**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 111** **01-12-2014-ൽ മറുപടിയ്ക്ക്**

**വ്യാജമദ്യം**

**ചോദ്യം:** **ഉത്തരം:**

ശ്രീ. എ.എം. ആരിഫ്

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വ്യാജമദ്യം എത്തുന്നത് തടയുന്നതിന് പുതുതായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | വ്യാജമദ്യ വിൽപ്പന തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും രാത്രികാല വാഹന പരിശോധനയും എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് സ്ട്രൈക്കിംഗ് ഫോഴ്സുകൾ പ്രവർത്തനക്ഷമമാക്കുകയും കേരളത്തിലേയ്ക്ക് സ്പിരിറ്റ് ഉൾപ്പെടെയുള്ള വ്യാജങ്ങൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്ന് കടത്തികൊണ്ടു വരുന്നത് മുന്നിൽകണ്ടുകൊണ്ട് ചെക്ക് പോസ്റ്റുകളിലൂടെ കടന്നുപോകുന്ന എല്ലാ വാഹനങ്ങളും കർശന പരിശോധനയ്ക്ക് വിധേയമാക്കി വരുന്നുണ്ട്. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള പ്രത്യേക സ്ക്വാഡുകളും, എക്സൈസ് ഇന്റലിജൻസ് വിഭാഗവും ഷാഡോ സംവിധാനം ഉപയോഗിച്ച് വിവരങ്ങൾ ശേഖരിച്ച് അതിന്മേൽ നടപടി സ്വീകരിച്ച് വരുന്നുണ്ട്. പുതിയ മദ്യനയം നടപ്പാക്കുന്നതിന്റെ ഭാഗമായി 'റെഡ് അലർട്ട് ' പ്രഖ്യാപിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനം ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | അബ്കാരി നയത്തിന്റെ ഭാഗമായി ബാറുകളും ഔട്ട്ലെറ്റുകളും പൂട്ടിയ-തിനെ തുടർന്ന് വ്യാജമദ്യത്തിന്റെ വരവ് പതിവിലും വർദ്ധിച്ചി-ട്ടുള്ളതായി കരുതുന്നുണ്ടോ; വിശദമാക്കാമോ; ഏതെല്ലാം സ്രോതസ്സുകളിലുടെയുള്ള വ്യാജമദ്യ വരവാണ് വർദ്ധിച്ചിട്ടുള്ളതായി കണക്കാ-ക്കുന്നത്; വിശദമാക്കുമോ? | (ബി) | ബാറുകളും ഔട്ട്ലെറ്റുകളും പൂട്ടിയതിനെ തുടർന്ന് വ്യാജ മദ്യത്തിന്റെ വ്യാപകമായ വരവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും സ്പിരിറ്റ് ചെറിയ തോതിൽ കേരളത്തിലേയ്ക്ക് കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാറുകളും ഔട്ട് ലെറ്റുകളും പൂട്ടിയതിനെ തുടർന്നുള്ള മാസങ്ങളിൽ എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ 24676 ലിറ്റർ സ്പിരിറ്റ് പിടി കൂടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ